കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# തുറവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(*രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം*)

നം.കെ.എസ്.എ/എ.എൽ.പി/പി2-134/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി: 09.06.2020
ഫോൺ – 0477 2252753
ഇ-മെയിൽ -ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തുറവൂർ ഗ്രാമ പഞ്ചായത്ത്

**സർ,**

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി2-134/2020 തീയതി: 09.06.2020

# ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.07.2018 മുതൽ 30.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും, 01.04.2018 മുതൽ 30.11.2019 വരെയുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി. സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 04.12.2019 മുതൽ 11.12.2019 വരെ | ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.പ്രശോഭൻ.കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ബീന.എ.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

1)**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി.അനിതാ സോമൻ | 01.4.2018 മുതൽ 31.3.19 വരെ |

**2)സെക്രട്ടറി**

| | |
|---|---|
| ശ്രീ.കബീർദാസ്.എസ്സ്.കെ. | 01.4.2018 മുതൽ 31.7.2018 വരെ |
| ശ്രീമതി.സതീദേവി രാമൻ നായർ | 01.8.2018 മുതൽ 31.3.2019 വരെ |

3)സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ജെയിൻ ഏണസ്റ്റ് | 01.4.2018 മുതൽ 31.3.2019 വരെ. |
| 2 | വികസനകാര്യം | ശ്രീ.കെ.ആർ.രൻഷു | 01.4.2018 മുതൽ 31.3.2019 വരെ. |
| 3 | ക്ഷേമകാര്യം | ശ്രീമതി.സരസമ്മ വിജയൻ | 01.04.2018 മുതൽ 31.3.2019 വരെ |
| 4 | ആരോഗ്യ, വിദ്യാഭ്യാസം | ശ്രീ.ആർ.വിദ്യാധരൻ | 01.4.2018 മുതൽ 31.3.2019 വരെ. |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | രഞ്ജു.എസ് | 01.04.2018 മുതൽ 18.8.2018 FN വരെ |
| | സുമിത്ര.ബി.ഷേണായ് | 18.8.2018 AN മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജൻ | ശാലിനി വിൽക്കിൻസൺ | 01.04.2018 മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ധന്യ.എസ് | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.നീനാ ചന്ദ്രൻ | 01.04.2018മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലക്ഷ്മി യശോധരൻ | 01.4.2018 മുതൽ 31.3.2019 വരെ |
| ഹെഡ് മിസ്ട്രസ്സ്, വളമംഗലം എൽ.പി.എസ്. | മഹിളാമണി | 01.04.2018 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഷിന്ധ്യ.എൽ.കെ | 01.04.2018 മുതൽ 12.07.2018വരെ |
| | ആർ. സുജാത | 13.07.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.അജിതകുമാരി.എൽ. | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.യാമിനി ദാസ് | 01.04.2018 മുതൽ 02.11.2018വരെ |
| | ശ്രീമതി.അഞ്ജു ജോർജ് | 03.11.2018 മുതൽ 08.11.2018വരെ |
| | ശ്രീമതി.ആഭ .വി .എസ് | 09.11.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തുറവൂർ സർക്കിൾ) | ശ്രീ. അഭിലാഷ് .പി .ആർ | 01.04.2018 മുതൽ 27.09.2018വരെ |
| | ശ്രീ. മഹേഷ് .പി .എം | 28.09.2018 മുതൽ 30.09.2018വരെ |
| | ശ്രീ. സൈമൺ അലിൻ.ടി.എ | 01.10.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മനക്കോടം സർക്കിൾ) | ശ്രീ.അജീഷ് കുമാർ. ആർ | 01.04.2018 മുതൽ 28.05.2018 വരെ |
| | ശ്രീ. അഭിലാഷ്. പി .ആർ | 29.05.2018 മുതൽ 15.07.2018 വരെ |
| | ശ്രീ. വിഭു. ആർ | 16.07.2018 മുതൽ 12.09.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ. അഭിലാഷ്.പി.ആർ | 13.09.2018 മുതൽ 30.09.2018 വരെ |
| | ~~ശ്രീ. സൈമൺ~~ അലിൻ.ടി.എ | 01.10.2018 മുതൽ 05.10.2018 വരെ |
| | ശ്രീ. അനിൽ കുമാർ.കെ.എ | 06.10.2018 മുതൽ 31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.സുദർശനൻ | 01.04.2018 മുതൽ 31.03.2019വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-12 | വസ്തുനികുതി അപാകതകൾ |
| 3 | 1-13 | ബിൽഡിംഗ് പെർമിറ്റ് -ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു |
| 4 | 1-14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച് |
| 5 | 1-15 | വാടക |
| 6 | 1-16 | മത്സ്യ മാർക്കറ്റ് ലേലം സംബന്ധിച്ച് |
| 7 | 1-17 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല |
| 8 | 1-18 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല |
| 9 | 1-19 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 1.68 കോടി ചെലവഴിച്ചില്ല |
| 10 | 1-20 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല |
| 11 | 1-21( എ ) | ഗുണഭോക്തൃ കമ്മിറ്റി വഴി നടപ്പിലാക്കിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി |
| 12 | 1-22 | എം.ജി.എൻ.ആർ.ഇ.ജി.എസ്- ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി |
| 13 | 1-23 | പെൺകുട്ടികൾക്ക് സ്വയം സുരക്ഷാ പരിശീലനം - അപാകതകൾ |
| 14 | 1-24 | അങ്കണവാടികൾ ചിത്രപ്പണിചെയ്ത് ഭംഗിയാക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ |
| 15 | 1-25 | എം.ജി.എൻ.ആർ.ഇ.ജി.എസ് - നിരക്ക് നിർണ്ണയിച്ചതിലെ അപാകത മൂലം അധിക ചെലവ് |
| 16 | 1-26 | എം.ജി.എൻ.ആർ.ഇ.ജി.എസ്- GST ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു. |
| 17 | 1-27 | ലൈഫ് ഭവനപദ്ധതി -അപാകതകൾ |
| 18 | 1-28 | കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പണം നൽകിയെങ്കിലും ലഭിച്ചില്ല |
| 19 | 1-29 | സ്മാർട് ക്ളാസ്റൂം- വാങ്ങലിലെ അപാകതകൾ |
| 20 | 1-30 | തുല്യതാ പരീക്ഷ -രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല |
| 21 | 1-31 | പ്രൈമറി സ്കൂൾ കുട്ടികൾക്ക് കളിയുപകരണങ്ങളുടെ വാങ്ങൽ സുതാര്യമല്ല |
| 22 | 1-32 | സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പ്രോജക്ടുകളിൽ കാണുന്ന അപാകതകൾ |
| | | |

| | | |
|---|---|---|
| 23 | 1-33 | രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു |
| 24 | 1-34 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ 2015/16 ൽ ആനുകൂല്യം ലഭിച്ചയാൾക്ക് വീണ്ടും ആനുകൂല്യം നൽകി |
| 25 | 1-35 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| 26 | 1-36 | വിതരണ രേഖകളിൽ കൃത്യതയില്ല |
| 27 | 1-37 | അംഗീകൃത യൂണിറ്റ് കോസ്റ്റിലും അധിക നിരക്കിൽ വാങ്ങി |
| 28 | 1-38 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ് ക്രീയമായി തുടരുന്നു |
| 29 | 1-39 | തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 30 | 1-40 | പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 31 | 3-1 | ഗുണഭോക്തൃകമ്മിറ്റി വഴി നടപ്പിലാക്കിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി |
| 32 | 3-2 | എം.ജി.എൻ.ആർ.ഇ.ജി.എസ്- ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി |
| 33 | 3-3 | പെൺകുട്ടികൾക്ക് സ്വയം സുരക്ഷാ പരിശീലനം - അപാകതകൾ |
| 34 | 3-4 | അങ്കണവാടികൾ ചിത്രപ്പണി ചെയ്ത് ഭംഗിയാക്കൽ - അപാകതകൾ |
| 35 | 3-5 | എം.ജി.എൻ.ആർ.ഇ.ജി.എസ് - നിരക്ക് നിർണ്ണയിച്ചതിലെ അപാകത മൂലം അധിക ചെലവ് |
| | ഭാഗം 4 | |
| 36 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 37 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 38 | അനുബന്ധം-2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 06.3.2018 തീയതിയിലെ 1/1 തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 111585101.00 | 77619742.00 |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2018-19 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ

എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**<u>1-2 വാർഷിക ധനകാര്യപത്രിക</u>**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 14.05.2019 |

**<u>1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം</u>**

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം | റിമാർക്സ് |
|---|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി.2-626/19/ 29.06.19 | വിശേഷണങ്ങളോടു കൂടിയത്. | ഓഡിറ്റ് സമയത്ത് ഇതിലെ അപാകതകൾ പരിഹരിച്ചിട്ടുള്ളതായി രേഖകൾ ഹാജരാക്കിയില്ല. |

**<u>1-4 സാമ്പത്തിക വിശകലനം</u>**

| | |
|---|---|
| മുന്നിരിപ്പ് | 15105770 |
| വരവ് | 96479331 |
| ആകെ | 111585101 |
| ചെലവ് | 77619742 |
| നീക്കിയിരിപ്പ് | 33965359 |

**1-5 ഫണ്ട് വിനിയോഗം (എ .സി .ആർ പ്രകാരം )**

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | റിമാർക്സ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR) | | 23197014 | 23197014 | 19828013 | 3369001 | ഗ്രാമപഞ്ചായത്തിന് 18-19 വർഷം വികസനഫണ്ട്(ജനറൽ) വിഭാഗത്തിൽ 3 ഗഡുക്കളിലായി ആകെ 23237000/- രൂപ വരവുണ്ട്. ഇതിൽ 39986/- രൂപ വാട്ടർ അതോറിറ്റി വെള്ളക്കര കുടിശികയായി ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ AFS, ACR എന്നിവയിൽ പ്രസ്തുത 39986/- രൂപ ഉൾപ്പെടുത്താതെയാണ് ആകെ വരവും ചെലവും |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം യഥാർത്ഥ വരവു ചെലവു കണക്കുകളല്ല പ്രതിഫലിക്കുന്നത്. |
| വികസന ഫണ്ട്-എസ്.സി.പി (ACR) | | 10305000 | 10305000 | 7784160 | 2520840 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR) | | | | | | ടി.എസ്.പി വിഹിതമായി ഗ്രാമപഞ്ചായത്തിന് 80000/- രൂപ തൻവർഷം അലോട്ട് ചെയ്തിരുന്നു. എന്നാൽ ഈ അലോട്ട്മെന്റ് ACR ൽ രേഖപ്പെടുത്തിയിട്ടില്ല. |
| മെയിന്റനൻസ്, റോഡ് (ACR) | | 4688000 | 4688000 | 3613839 | 1074161 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR) | | 2204000 | 2204000 | 844531 | 1359469 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR) | | 13050193 | 13050193 | 4549105 | 8501088 | |

**<u>1-6പദ്ധതി അവലോകനം</u>**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 164 | 170362791 | 70 | 57521118 | 18 | 76 | 42.68 |

1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 73296 | 889994 | 963290 | 839965 | 123325 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 92165035 | 92165035 | 92165035 | 0 |
| ആകെ | 73296 | 93055029 | 93128325 | 93005000 | 123325 |

**1-8 <u>ക്ഷേമപദ്ധതികൾ</u>**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 718560 | 303 |
| കർഷകതൊഴിലാളി പെൻഷൻ | 6640100 | 570 |
| വിധവാപെൻഷൻ | 9373800 | 818 |
| വാർദ്ധക്യകാലപെൻഷൻ | 24533800 | 2543 |
| വികലാംഗപെൻഷൻ | 4709600 | 398 |
| വിവാഹധനസഹായം | | |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ | 1676500 | 136 |

| | |
|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.12.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16074/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം.**

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/11/2019 | 10/ 2019 | 02/12/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2017-03.06.17 | 2012-13 മുതൽ 2016-17 വരെ | 01.08.2017 |

# 1-12 വസ്തുനികുതി അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>നികുതി നിർണ്ണയത്തിലെ അപാകത</u>

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 45/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ ടി.എച്ച്. ബഷീർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 128.32 ചതുരശ്ര മീറ്ററിൽ 7/604C നമ്പരിലുണ്ടായിരുന്ന വാസഗൃഹത്തിന്റെ ഒക്യുപൻസി മാറ്റം വരുത്തി വാണിജ്യാവശ്യത്തിനാക്കി മാറ്റി 12/510 A, 12/510 B, 12/510 C എന്നീ നമ്പരുകൾ നൽകിയിട്ടുണ്ട് .ഇവയുടെ വിസ്തീർണ്ണം യഥാക്രമം 48.78ച.മീ, 24.35ച.മീ, 55.19ച.മീ. എന്നിങ്ങനെയാണ്. ഈ കടമുറികളുടെ വസ്തുനികുതി 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 60/- രൂപാ നിരക്കിൽ നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 45/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.
2. ശ്രീമതി ഉണ്ണിമായക്കുട്ടി, തെന്നാട്ട് ഇല്ലം എന്നയാളുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിലെ 124.85ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു ഹാൾ (5/179B) സ്പ്ലിറ്റ് ചെയ്ത് 5/179D, 5/179E, 5/179F, 5/179G, 5/179H, 5/179I എന്നിങ്ങനെ നമ്പർ നൽകിയിട്ടുണ്ട്. ടി മുറികളെ 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ഒരു ചതുരശ്ര മീറ്ററിന് 45/- രൂപ നിരക്കിൽ ഓരോ കടമുറികൾക്കും പ്രത്യേകം നികുതി നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർ നിർണ്ണയം നടത്തി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 9/363A, 9/363B എന്നീ നമ്പരുകളിലുള്ള ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതിയിൽ 2013-14 മുതൽ കുടിശ്ശിക ഉള്ളതായി കാണുന്നു. ഓഡിറ്റന്വേഷണത്തിനു നൽകിയ മറുപടിയിൽ ടി ടവറുകൾക്കെതിരെ നിയമ നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചു. നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-13 ബിൽഡിംഗ് പെർമിറ്റ് -ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു

2018-19 സാമ്പത്തിക വർഷം കെട്ടിട നമ്പറിങ്ങിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പെർമിറ്റില്ലാതെ നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 229813/ആർ.ഡി2/2016 നം കത്തിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങാണ് രാജിയാക്കൽ ഫീസ്. പെർമിറ്റ് എടുത്ത് നിർമ്മാണം തുടങ്ങിയശേഷം പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങൾക്കാണ് രാജിയാക്കൽ ഫീസ് മാത്രം ഈടാക്കുന്നത്. എന്നാൽ പഞ്ചായത്തിൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഇതു മൂലം ലഭിക്കേണ്ട വരുമാനത്തിൽ വലിയ വ്യത്യാസം വരുന്നു. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട ഉടമ | കെട്ടിടത്തിന്റെ | ഉപയോഗം | ഈടാക്കേണ്ട | ഈടാക്കിയ | വ്യത്യാസം |
|---|---|---|---|---|---|---|

| നം | | വിസ്തീർണ്ണം(ച.മീ) | | ഫീസ് | ഫീസ് | |
|---|---|---|---|---|---|---|
| 1 | അജയകുമാർ,പാഞ്ചജന്യം | 284.67 | വാണിജ്യം | 4270(284.67x5x3) | 2847 | 1423 |
| 2 | സദാനന്ദൻ,<br>കുടിയാംവെളിയിൽ | 51.16 | വാണിജ്യം | 767(51.16x5x3) | 512 | 255 |
| 3 | സിദ്ധാർത്ഥൻ,കൊല്ലഞ്ചേരിൽ | 15.92 | വാണിജ്യം | 239(15.92x5x3) | 159 | 80 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനു ലഭ്യമാക്കിയ മറുപടിയിൽ, സോഫ്റ്റ്‌വെയറിൽ ഇത്തരത്തിൽ ക്രമവത്ക്കരണ ഫീസ് ജനറേറ്റ് ചെയ്യുന്നതിനാലാണ് ഈ നിരക്കിൽ ഈടാക്കിവരുന്നതെന്നും വിഷയം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചു. അപാകത പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ)മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| വാർഡ്/ കെട്ടിട നം | സ്ഥാപനം/ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 15/246 | തടിമില്ല്,<br>എൻ.ശിവദാസൻ, പുത്തൻതറയിൽ | 16 HP | 200/- | - | 200/- |
| 12/627 | തടിമില്ല്, ഇ എ ഫ്രാൻസീസ്, ഇരവിമംഗലത്ത് | 40HP | 400/- | - | 400/- |
| 7/259 | കെ എം അബ്ദുള്ള, പ്രീമിയർ മറൈൻ എക്സ്പോർട്സ് | 60HP | 1000/- | 500/- | 500/- |
| 5/78 | അപ്പൂസ് ഇൻഡസ്ട്രീസ്,<br>എ ജി സതീദേവി | 10HP | 100/- | 50/- | 50/- |
| 8/378 | പൊടിമില്ല്, ജോബിച്ചൻ വി എ, വടശ്ശേരിൽ | 10 HP | 100/- | - | 100/- |
| 11/37 | വർക്ക്ഷോപ്പ്, മുരളീധരൻ, വിരുത്തിൽ | 10 HP | 100/- | - | 100/- |
| 8/374 | തടിമില്ല്, എം.സി സുധാമണി | 10 HP | 100/- | - | 100/- |
| 17/247A | SRK ഹാച്ചറീസ്, രതി ഗോകുലൻ | 32 HP | 400/- | 200 | 200/- |
| 13/102A | പൊടിമില്ല്, ശുഭ കെ എസ് | 10 HP | 100/- | - | 100/- |
| ആകെ | | | | | 1750/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/09.12.19) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കുറവുള്ള തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ബി)റേഷൻകടകൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ (പട്ടിക ക്രമ നം-149), കള്ള് ഷാപ്പുകൾ (ക്രമ നം-139) എന്നിവയ്ക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (നം.9/9.12.19) മറുപടിയിൽ പഞ്ചായത്തിലെ മുഴുവൻ റേഷൻ വ്യാപരികൾക്കും കള്ള് ഷാപ്പുകൾക്കും ലൈസൻസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. എല്ലാ വ്യാപാരങ്ങൾക്കും നിയമാനുസൃതം ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വാടക

എ) <u>വാടക കുടിശ്ശിക ഈടാക്കിയില്ല</u>

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലെക്സിലെ കടമുറി വാടകയ്ക്ക് എടുത്തിരുന്ന ശ്രീ അനിക്കുട്ടൻ, കരിനാന എന്നയാൾ 2018-19 വർഷത്തെ വാടക ഇനത്തിൽ 9504/- രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. വാടക ഒടുക്കാതെ നിലവിൽ ടി മുറിയിൽ തുടരുകയും ചെയ്യുന്നു. വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണത്തിന്(നം-10/9.12.19) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുവാനാവശ്യപ്പെട്ട് ടിയാന് കത്ത് നൽകിയിട്ടുണ്ടെന്നും തുക ഒടുക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതാണെന്നും അറിയിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി) <u>വാടക വർദ്ധന സംബന്ധിച്ച്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന്റെ വാടക 2007-08 മുതൽ യാതൊരു വർദ്ധനയും വരുത്താതെ പ്രതിമാസം 9600/- രൂപ നിരക്കിലാണ് ഈടാക്കിവരുന്നത്. പ്രതിവർഷ വാടക വർദ്ധന സംബന്ധിച്ച് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും നിലവിലും വർദ്ധന വരുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ വാടക പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും വർദ്ധിപ്പിച്ച വാടക മുൻകാല പ്രാബല്യത്തിൽ ഈടാക്കുന്നതാണെന്നും അറിയിച്ചു. വർദ്ധിപ്പിച്ച വാടക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 മത്സ്യ മാർക്കറ്റ് ലേലം സംബന്ധിച്ച്

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് 2017-18 സാമ്പത്തിക വർഷത്തിൽ 60900/- രൂപയ്ക്കാണ് ലേലം ചെയ്ത് നൽകിയിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ മത്സ്യമാർക്കറ്റ് ഫീസ് പിരിവ് സംബന്ധിച്ച ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുത്തിട്ടില്ലാത്തതിനാൽ ലേലം നടന്നിട്ടില്ല. നിലവിൽ ഇതിൽ നിന്നും പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല. വഴിയോരത്ത് അനധികൃത മത്സ്യ വില്പന വ്യാപകമായി നടക്കുന്നതിനാലാണ് മത്സ്യ മാർക്കറ്റ്, ലേലത്തിൽ ഏറ്റെടുക്കാൻ ആളുകൾ തയ്യാറാകാത്തതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മത്സ്യമാർക്കറ്റ് ഫീസ് പിരിവ് പഞ്ചായത്ത് നേരിട്ട് പിരിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഫീസ് പിരിവ് നേരിട്ട് നടത്തുന്നത് സംബന്ധിച്ച് അടുത്ത കമ്മിറ്റിയിൽ ചർച്ച ചെയ്ത് നടപടി കൈക്കൊള്ളുന്നതാണെന്നറിയിച്ചു. വഴിയോരത്തെ അനധികൃത മത്സ്യക്കച്ചവടക്കാരെ ഒഴിപ്പിച്ച് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മത്സ്യമാർക്കറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ്

## ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/4.12.19) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ഒടുക്കിയ തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-18 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത് ഫണ്ടിൽ വരവു വെച്ചില്ല

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 32-മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 67190/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവ് വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-19 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 1.68 കോടി ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 5.34 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ 3.66 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 42.16% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 1.68 കോടി രൂപ നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 23197014 | 19828013 | 3369001 |
| വികസന ഫണ്ട് - SCP | 10305000 | 7784160 | 2520840 |
| മെയിന്റ. ഗ്രാന്റ് - റോഡ് | 2204000 | 844531 | 1359469 |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 4688000 | 3613839 | 1074161 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13050193 | 4549105 | 8501088 |
| **ആകെ** | **53444207** | **36619648** | **16824559** |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നതിനാൽ അത് നഷ്ടപ്പെട്ടിരിക്കുന്നു. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ വ്യക്തമാക്കുന്ന വിധം വാർഷിക പദ്ധതി രൂപീക്കരിക്കുകയും കാര്യനിർവ്വണോദ്യോഗസ്ഥരുടെ ഏകോപനത്തിലൂടെ സമയബന്ധിതമായി നിർവ്വഹിച്ചും പദ്ധതി ഫണ്ടിന്റെ പൂർണ്ണവിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-20 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ

ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാക്കുന്നു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21(എ) ഗുണഭോക്തൃ കമ്മിറ്റി വഴി നടപ്പിലാക്കിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീയതി. 29.02.2016 പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റി വഴി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും വാറ്റിനത്തിലുള്ള 5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലം കൺവീനർക്ക് അധിക തുക നൽകി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | ഒ.എച്ച് 7.5% ഉൾപ്പെടുത്തിയ പ്രവൃത്തി മൂല്യം | 5% വാറ്റ് കിഴിവ് വരുത്തിയതിനു ശേഷമുള്ള തുക | ആകെ ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം - | 146184/- | 138875 | 138875 | 7309 |

| | | | | | |
|---|---|---|---|---|---|
| | 56/18<br>കൺവീനർ - ജിനീഷ്<br>എം. ബുക്ക് - 19/TVR/16-17, 48/PKD/17-18<br>പ്രവൃത്തി മൂല്യം - 146184/-<br>(ഫൈനൽ ബിൽ-OH-7.5% ഉൾപ്പെടെ)<br>ബിൽ നം. 22/26.3.19-146184/- | | (146184- 7309) | | |
| 2 | കുന്നേൽ ചെറനാട് കോളനി ഡ്രെയിൻ ഫുട്പാത്ത് നിർമ്മാണം-202/17<br>കൺവീനർ - വിനോദ്.സി.ആർ<br>എം. ബുക്ക് - 58/TVR/16-17,<br>പ്രവൃത്തി മൂല്യം - 464928/-<br>(ഫൈനൽ ബിൽ-OH-7.5% ഉൾപ്പെടെ)<br>ബിൽ നം. 19/30.11.18-179326/-<br>ചെക്ക് നം. 21800838/28.12.18-266571/-<br>(ആകെ പിൻവലിച്ച തുക – 445897/-) | 464928 | 441682<br>(464928-23246) | 441682 | 4215<br>(445897-441682) |

ക്രമ നം. (1) പ്രകാരം അധികമായി പിൻവലിച്ച 7309/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ക്രമ.നം. (2) പ്രകാരമുള്ള പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 9515/- രൂപ റിട്ടെൻഷൻ ഇനത്തിൽ പിടിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . ടി തുകയിൽ നിന്നും അധികമായി പിൻവലിച്ച 4215/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അധികം പിൻവലിച്ച തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

**(ബി) <u>ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല</u>**

ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നടപ്പാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം എന്ന മരാമത്ത് പ്രവൃത്തിയിൽ നിയമാനുസൃതം സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ

പാലിക്കപ്പെടാത്തതായി പരിശോധനയിൽ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തിയ്ക്കായി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചാണ് പണമിടപാടുകൾ നടത്തേണ്ടത്. എന്നാലിവിടെ ഇത്തരത്തിലൊരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. കൺവീനറുടെ പേരിൽ കാനറ ബാങ്ക് തുറവൂർ ശാഖയിലുള്ള സ്വകാര്യ അക്കൗണ്ടിന്റെ (4.10.16 ൽ ആരംഭിച്ചത്) വിവരമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) മിനിട്ട്സിൽ പ്രവർത്തിയുടെ പ്രഥമ യോഗ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് വിവരങ്ങൾ, പൂർത്തീകരണ വിവരം, ചെലവ് കണക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(3) പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(4)പ്രവൃത്തിയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയതിന്റെ ക്യാഷ് ബിൽ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

(5) പ്രവർത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല.

(6)പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ വളരെയധികം കാലതാമസമുണ്ടായിട്ടുള്ളതായി കാണുന്നു. 31.3.2017 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചത് 20.9.18 ലാണ്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 എം.ജി.എൻ.ആർ.ഇ.ജി.എസ്- ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% (Specification : 1-27-1-1) കുറവ് ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ നിയമാനുസൃത നിരക്കിൽ കുറവ് വരുത്താതെ മൂല്യം നിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്. കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബുക്ക് പ്രകാരം സ്റ്റാക്ക് ചെയ്ത ഗ്രാവലിന്റെ അളവ് $m^3$ | അനുവദിച്ച തുക @935/$m^3$ | 20% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $m^3$ | അനുവദനീയമായ തുക | അധികം നൽകിയ തുക | അനുബന്ധ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കൊല്ലാട്ട് നടപ്പാത നിർമ്മാണം (സുനിൽകുമാർ.പി.എസ്) | 462 | 388773 (415.8) | 369.6 | 345576 | 43197 | Rc/264999 FTO-635441/31.3.19 MB. 342/18-19 |
| 2 | എൻ.എച്ച്-എസ്.എൻ.ഡി.പി നടപ്പാത നിർമ്മാണം (സുനിൽകുമാർ.പി.എസ്) | 155.5 | 130853 (139.95) | 124.4 | 116314 | 14539 | Rc/271056 FTO-635394/31.3.19 MB. 341/18-19 |
| 3 | എൻ.എച്ച്-ചീരാൻവെളി | 51.49 | 43329 | 41.192 | 38515 | 4814 | Rc/271078 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നടപ്പാത കോൺക്രീറ്റിംഗ് (സുനിൽകുമാർ.പി.എസ്) | | (46.341) | | | | FTO-635446/31.3.19 MB. 340/18-19 |
| 4 | ജനത നടപ്പാത നിർമ്മാണം (സുനിൽകുമാർ.പി.എസ്) | 142.02 | 119493 (127.80) | 113.616 | 106231 | 13262 | Rc/271916 FTO-635394/31.3.19 MB. 339/18-19 |
| 5 | ഇല്ലത്തുചിറ നടപ്പാത കോൺക്രീറ്റിംഗ് (സുനിൽകുമാർ.പി.എസ്) | 58.5 | 44880 (48) | 46.8 | 43758 | 1122 | Rc/271077 FTO-635394/31.3.19 MB. 338/18-19 |
| | **ആകെ** | | | | | 76934 | |

## 1-23 പെൺകുട്ടികൾക്ക് സ്വയം സുരക്ഷാ പരിശീലനം - അപാകതകൾ

പ്രോജക്ട് നം - S0045/19

പ്രോജക്ടിന്റെ പേര് - പെൺകുട്ടികൾക്ക് സ്വയം സുരക്ഷാ പരിശീലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വികസന ഫണ്ട് - 200000/-

<u>ചെലവ്</u>

ബിൽ നം.44/18-19/26.3.19. തുക. 200000/-

10 വയസ്സിനും 30 വയസ്സിനും ഇടയിലുള്ള വനിതകൾക്ക് 1 ദിവസം 2 മണിക്കൂർ വീതം 12 ദിവസം നീളുന്ന സ്വയം സുരക്ഷാ പരിശീലനം. ഇതിനായി ടെണ്ടർ നടപടിയിലൂടെ തെരഞ്ഞെടുക്കുന്ന സ്ഥാപനം മുഖേന നൽകുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ പദ്ധതിക്ക് ശ്രീമതി കീർത്തി രാജു, പള്ളിപ്പറമ്പിൽ, മാരാരിക്കുളം എന്നയാൾ സമർപ്പിച്ച ഒരു ടെൻഡർ മാത്രമാണ് ലഭ്യമായത്. ആയത് 23.1.19 ലെ 1(2) നം. തീരുമാനപ്രകാരം അംഗീകരിച്ചു. ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ റീടെണ്ടർ നടപടിയിലൂടെ മത്സരാധിഷ്ഠിതമായ ഓഫർ സാധ്യത പരിശോധിച്ചില്ല.

2) അംഗീകരിച്ച ടെൻഡറിൽ ആയോധനകല പരിശീലനത്തിന്, ഒരു മണിക്കൂർ മുതൽ ഒന്നര മണിക്കൂർ വരെ സമയപരിധിയുള്ള ക്ലാസ്സിന് ആളൊന്നിന് 15/- രൂപ നിരക്കിൽ ഒരു ദിവസം 500 സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് 7500/- രൂപ വീതം ആകെ 26 ദിവസത്തേയ്ക്ക് 195000/- രൂപയാണ് കീർത്തി രാജു ക്വാട്ട് ചെയ്തത്.

3) സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ പള്ളിത്തോട്, എസ്.സി.എസ്.എച്ച്.എസ്.എസ്. വളമംഗലം, എന്നീ രണ്ട് സ്കൂളുകളിലെ 500 കുട്ടികളെ 1 മുതൽ 26 വരെ തീയതികളിൽ തുടർച്ചയായി പരിശീലിപ്പിച്ചതായാണ് ഹാജർ ലഭ്യമാക്കിയത്. എന്നാൽ ഏതു മാസമാണ് ക്ലാസുകൾ സംഘടിപ്പിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല.

4) ഏത് ആയോധനകലയാണ് പരിശീലിപ്പിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

5) പരിശീലനത്തിന്റെ ഫോട്ടോ ഒന്നും ഹാജരാക്കിയിട്ടില്ല.

6) പരിശീലകയുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

7) ബാനർ, നോട്ടീസ് ചെലവ് 1190/- രൂപ, ഫ്ലക്സ് ചെലവ് 750/- രൂപ, ചായ, സ്നാക്സ് ചെലവ് 3100/- രൂപ ഒട്ടാകെ 5040 ൽ 5000/- രൂപയും കീർത്തി രാജുവിന്റെ അക്കൗണ്ടിലേക്ക് നൽകി. എന്നാൽ പ്രസ്തുത ചെലവ് ഇവർ തന്നെയാണ് വഹിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

8) പരിശീലനകാലയളവിലെ ആകെ ഹാജർ നിലയിൽ (500x26=13000) ആബ്സന്റായ കുട്ടികളുടെ ഹാജർനില 826 ആണ്. എന്നാൽ ഈ ഹാജർ കുറവു വരുത്താതെ മുഴുവൻ ഹാജർ ദിനങ്ങൾക്കും(13000) 15/- രൂപ നിരക്കിൽ തുക (195000) നൽകുകയാണ് ചെയതിട്ടുള്ളത്. ഹാജരില്ലാത്ത ദിനങ്ങൾ കുറവു വരുത്താത്തതുമൂലം ആകെ 12390/- രൂപ കീർത്തി രാജുവിന് അനുവദിച്ച് നൽകി.(826x15=12390/- രൂപ അധികം നൽകി).

9) നിയമപ്രകാരം കരാർ ചമച്ചിട്ടില്ല. പരിശീലക സമർപ്പിച്ച മുദ്രപ്പത്രം ശൂന്യമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/11.12.19), അധികമായി നൽകിയ തുക തിരികെ ഈടാക്കാമെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക 12390/- തിരികെ ഈടാക്കേണ്ടതാണ്. മറ്റ് അപാകതയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-24 അങ്കണവാടികൾ ചിത്രപ്പണിചെയ്ത് ഭംഗിയാക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്റ്റ് നം - S0024/19

പ്രോജക്ടിന്റെ പേര് - അങ്കണവാടികൾ ചിത്രപ്പണിചെയ്ത് ഭംഗിയാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വികസന ഫണ്ട് - 150000/-

<u>ചെലവ്</u>

1) ബിൽ നം.54/18-19/25.3.19. തുക. 71016/-

2) ബിൽ നം.55/18-19/25.3.19. തുക. 71016/-

## മേൽ പ്രവർത്തി നിർവ്വഹണത്തിന് താഴെ പറയുന്നവർ ക്വട്ടേഷൻ സമർപ്പിച്ചു.

| ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി | 2000 സ്ക്വയർ ഫീറ്റിനു മുകളിൽ ക്വാട്ട് ചെയ്ത നിരക്ക് | 2000 സ്ക്വയർ ഫീറ്റിനു താഴെ ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| കമൽ കാഞ്ചിലൻ | 45 | 95 |
| വർഗ്ഗീസ്.പി.എസ് | 45 | 100 |
| സദാശിവൻ | 40 | 100 |
| ഷാജി അപ്പുക്കുട്ടൻ | 41 | 100 |

ആയതിൽ സദാശിവൻ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ചു.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. എൽ.എസ്.ജി.ഡി.സെക്ഷൻ തയ്യാറാക്കി നൽകിയ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് പ്രകാരം, രണ്ട് അങ്കണവാടികൾ (അങ്കണവാടി നം.120,135) ചിത്രപ്പണി ചെയ്യുന്നതിനുള്ള ആകെ ഏരിയ 1420.32 സ്ക്വയർ ഫീറ്റാണ്(710.16+710.16).
2. കമൽ കാഞ്ചിലൻ, 2000 സ്ക്വയർ ഫീറ്റിനു താഴെ ക്വാട്ട് ചെയ്ത നിരക്ക് 95 ആയിരിക്കെ, 100 ക്വാട്ട് ചെയ്ത സദാശിവന്റെ ക്വട്ടേഷൻ അംഗീകരിച്ചു.
3. കൂടുതൽ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ അംഗീകരിച്ചതുമൂലം അധികമായി അനുവദിച്ചു നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| അങ്കണവാടി | ചിത്രപ്പണി ചെയ്യേണ്ട | സ്ക്വയർ ഫീറ്റിനു 100/- രൂപ | സ്ക്വയർ ഫീറ്റിനു 95/- | അധികമായി |
|---|---|---|---|---|

| നം | ഏരിയ (സ്ക്വയർ ഫീറ്റ്) | നിരക്കിൽ അനുവദിച്ച തുക | രൂപ നിരക്കിൽ അനുവദിക്കാമായിരുന്ന തുക | അനുവദിച്ച തുക |
|---|---|---|---|---|
| ~~135~~ | ~~710.16~~ | ~~71016~~ | 67465 | 3551 |
| 120 | 710.16 | 71016 | 67465 | 3551 |
| ആകെ അധികമായി അനുവദിച്ച തുക | | | | 7102 |

4. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി.സെക്ഷൻ തയ്യാറാക്കി നൽകിയ ഒരു എസ്റ്റിമേറ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് (ആരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല) പ്രവൃത്തി പൂർത്തീകരണത്തെ തുടർന്ന് വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടില്ല, അളവുകൾ അളവ് ബുക്കിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/10.12.19) പദ്ധതി നിർവ്വഹണത്തിലെ പരിചയക്കുറവ് മൂലമാണ് അപാകതകൾ സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി. ക്വട്ടേഷൻ അംഗീകരിച്ചതിലെ അപാകത മൂലം അധികമായി ചെലവഴിച്ച തുക 7102/- രൂപ ഈടാക്കേണ്ടതാണ്.

# 1-25 എം.ജി.എൻ.ആർ.ഇ.ജി.എസ് - നിരക്ക് നിർണ്ണയിച്ചതിലെ അപാകത മൂലം അധിക ചെലവ്

അളവ് ബുക്ക് - 258/18-19

പ്രവൃത്തി മൂല്യം - 216663/-

LD/319789

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലുൾപ്പെടുത്തി തൻവർഷം നടപ്പാക്കിയ ക്ഷീരവികസന വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽ കൃഷിയ്ക്കായി നിലം ഒരുക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇനം 7 ആയി ചെയ്യേണ്ട പ്രവൃത്തി "maintenance of fodder grass for 30 days..." എന്ന ഇനമാണ്. ടി ഇനത്തിന് അനുവദനീയമായ നിരക്ക് 3.39/sqm ആണ് (OD 1068/17-18).എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുണ്ടായ അപാകത മൂലം OD 1068 പ്രകാരമുള്ള നിരക്കിനു പകരം OD 1069 പ്രകാരമുള്ള നിരക്കാണ് (5.42/sqm – collecting & planting fodder grass..) ടി ഇനത്തിന് നൽകിയത്. നിരക്ക് നിർണ്ണയിച്ചതിലെ അപാകതമൂലമുണ്ടായ അധിക ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രവൃത്തി ചെയ്ത അളവ്, നൽകിയ തുക

3600 $m^2$ @ 5.42/ $m^2$ = 19512/- രൂപ

അനുവദനീയമായ നിരക്ക്, തുക

3600 $m^2$ @ 3.39/ $m^2$ = 12204/- രൂപ

അധികം നൽകിയത് = 7308/- രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-23/10.12.2019)സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ അളവ് ബുക്കിൽ പ്രസ്തുത തുക രേഖപ്പെടുത്തിയിരുന്നുവെങ്കിലും മസ്റ്റർ റോൾ പ്രകാരം തുക പിൻവലിച്ചതിൽ 7 മനുഷ്യദിനങ്ങൾ മാത്രമാണ് അധികമായി വന്നിട്ടുള്ളതെന്നും അത് പ്രകാരം 1897/- രൂപ മാത്രമാണ് അധികമായി ചെലവ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 1-26 എം.ജി.എൻ.ആർ.ഇ.ജി.എസ്- GST ഇനത്തിൽ 2%

# റ്റി.ഡി.എസ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു

GST രജിസ്ട്രേഷനുള്ള കരാറുകാരൻ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ മൂല്യം 2.5 ലക്ഷം രൂപയിലധികമായാൽ 2% റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കി ശേഷിച്ച തുക മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടത്. ഇവിടെ 17 പ്രവൃത്തികൾക്കായുള്ള മെറ്റീരിയൽസ് ശ്രീ.സുനിൽകുമാർ. പി.എസ് എന്ന കരാറുകാരനാണ് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ അളവ് ബുക്കിൽ ടി.ഡി.എസ് ഇനത്തിൽ 2% തുക കുറവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. നിയമ പ്രകാരം റ്റി.ഡി.എസ് ആയി ഈടാക്കേണ്ട 2% GST തുക കരാറുകാരിൽ നിന്നും നേരിട്ട് ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവനപദ്ധതി -അപാകതകൾ

വി.ഇ.ഒ. മനക്കോടം ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ അപാകതകൾ വന്നിട്ടുണ്ട്.

1. ലൈഫ് മിഷൻ- പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (പ്രോജക്ട് നം.S 134/19- സ്പിൽഓവർ)

ഈ പ്രോജക്ടിനായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം 240000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം. /തീയതി | തുക | ഗുണഭോക്താവിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | 6/28-11-18 | 95000 | ശ്രീമതി.വനജമ്മ -20000<br>ശ്രീ. ചന്ദ്രമോഹൻ -75000 |
| 2 | 17/6-3-19 | 45000 | ശ്രീമതി. ദീപ -5000<br>ശ്രീമതി. ഗീത -40000 |
| 3 | 19/21-3-19 | 100000 | ശ്രീമതി. പ്രേമ -100000 |
| | ആകെ | 240000 | |

ഇതിൽ ശ്രീ. ചന്ദ്രമോഹൻ എന്ന ഗുണഭോക്താവിന് 75000/- രൂപ ഒരു തവണ നൽകിയതിനു ശേഷം ഒരു ലക്ഷം രൂപ ഇദ്ദേഹത്തിന്റെ ഭാര്യയായ ശ്രീമതി പ്രേമയുടെ പേരിലാണ് നൽകിയത്. ഗുണഭോക്താവിനെ മാറ്റിയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ശ്രീ.ചന്ദ്രമോഹൻ സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഇദ്ദേഹത്തിന്റെ ഭാര്യയായ ശ്രീമതി പ്രേമയുടെ പേരിൽ ആനുകൂല്യം നൽകിയതെന്നാണ് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി നൽകിയത്. എന്നാൽ ഇത് ഗ്രാമസഭയുടേയോ പഞ്ചായത്ത് കമ്മറ്റിയുടേയോ അംഗീകാരത്തോടെയല്ല ചെയ്തിട്ടുള്ളത്. മാറ്റം വരുത്തേണ്ടത് അനിവാര്യമാണെങ്കിൽ ആയത് ഗ്രാമസഭയുടേയും പഞ്ചായത്ത് കമ്മറ്റിയുടേയും അംഗീകാരത്തോടെ മാത്രം ആകേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല. ആയതിനാൽ എത്ര ഗുണഭോക്താക്കൾക്കാണ് വീടുപണി പൂർത്തിയാക്കാൻ ധനസഹായം ആവശ്യമുള്ളതെന്ന് കണ്ടെത്താൻ സാധിക്കുന്നില്ല. മാത്രമല്ല ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതല്ലാതെ ഗുണഭോക്താക്കൾ ഇത് കൈപ്പറ്റിയതായോ, വീടുപണി പൂർത്തിയാക്കിയതായോ ഉള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരിച്ചിട്ടുള്ള വീടുകളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ചേർക്കേണ്ടതും ഈ വീടുകൾ പഞ്ചായത്ത് രജിസ്റ്ററിൽ ചേർത്തു നമ്പർ ഇട്ടിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

2. ലൈഫ് ഭവനപദ്ധതി (SC) (പ്രോജക്ട് നം.S 101/19)

പ്രോജക്ടിനായി പ്ലാൻ ഫണ്ട് (SCP) 2342000രൂപയും ബ്ലോക്ക് ഷെയർ 1378000/- രൂപയും ഉൾപ്പെടെ 3720000/- രൂപ ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| | | | |
|---|---|---|---|

| ക്രമ നം. | ബിൽ നം. /തീയതി | തുക |
|---|---|---|
| 1 | 4/18-11-18 | 640000 |
| 2 | 9/28-11-18 | 40000 |
| 3 | 11/31-12-18 | 480000 |
| 4 | 12/31-12-18 | 320000 |
| 5 | 14/16-01-19 | 102000 |
| 6 | 16/30-01-19 | 480000 |
| 7 | 18/21-03-19 | 280000 |
| | ആകെ | 2342000 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

| ക്രമ നം. | ചെക്ക് നം./ തീയതി | തുക |
|---|---|---|
| 1 | 1236422/01-12-18 | 320000 |
| 2 | 8937933/16-03-19 | 1058000 |
| | ആകെ | 1378000 |

ഇതിൽ വികസന ഫണ്ട് ബിൽ നം.16/30-1-19 പ്രകാരം പിൻവലിച്ച 480000/- രൂപയുടെ വിനിയോഗവിവരം ഹാജരാക്കിയില്ല. വിനിയോഗവിവരം ഹാജരാക്കേണ്ടതാണ് എന്ന കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 480000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-28 കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പണം നൽകിയെങ്കിലും ലഭിച്ചില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ (പ്രോജക്ട് നം.S 177/19) എന്ന പ്രോജക്ടിനായി തനത് ഫണ്ട് 150000/- രൂപ വകയിരുത്തിയിരുന്നതിൽ രണ്ട് കമ്പ്യൂട്ടറുകൾ, രണ്ട് മോണിറ്ററുകൾ, ഓരോ പ്രിന്ററും UPS ഉം വാങ്ങുന്നതിനായി 121930/- രൂപ 26-3-2019 ൽ കേരള IT മിഷന്റെ അക്കൗണ്ടിലേക്ക് നൽകി. എന്നാൽ ഇതുവരെ പ്രിന്റർ ഒഴികെ മറ്റ് സാധനങ്ങൾ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ പ്രിന്റർ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുകയും അത് വി.ഇ.ഒ. ഓഫീസിൽ നൽകിയെന്നും വ്യക്തമാക്കി രേഖകൾ ഹാജരാക്കുകയുമുണ്ടായി. മറ്റ് സാധനങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ പ്രിന്ററിന്റെ വില ഒഴികെ (10872/- രൂപ) ബാക്കി തുക 111058/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-29 സ്മാർട് ക്ളാസ്റൂം- വാങ്ങലിലെ അപാകതകൾ

ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.സ്കൂൾ, വളമംഗലം നോർത്ത് നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകത ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം - S0184/19

പ്രോജക്ടിന്റെ പേര് - പഞ്ചായത്ത് എൽ.പി.സ്കൂളുകളിലേക്ക് സ്മാർട് ക്ളാസ്റൂം-

വികസന ഫണ്ട് - 400000/-

തനത് ഫണ്ട് -5000/-

ആകെ അടങ്കൽ - 405000/-

<u>ചെലവ്</u>

ബിൽ നം.13/18-19/25.3.19 തുക. 100000/-

ബിൽ നം.14/18-19/25.3.19 തുക. 283657/-
ചെക്ക് നം-17227/30.3.19 തുക.4430/-
ആകെ-388087/-

2)പ്രോജക്ട് നം - S0116/19

പ്രോജക്ടിന്റെ പേര് - സ്മാർട് ക്ളാസ്റൂം - പുത്തൻചന്ത

വികസന ഫണ്ട് - 150000/-

ചെലവ്

ബിൽ നം.12/18-19/25.3.19. തുക. 141828/-

മേൽ രണ്ട് പ്രോജക്ടുകൾക്കായി കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ വാങ്ങി. അപാകത ചുവടെ ചേർക്കുന്നു.

1) സ.ഉ (സാ.ധാ) നം. 97/2018/പൊ.വി.വ. 6.1.18 ഉത്തരവ് പ്രകാരം, വ്യവസ്ഥ (1),(2) പ്രകാരം ഈ ആവശ്യത്തിലേക്ക് വാങ്ങാവുന്ന സാധനങ്ങളുടെ പരമാവധി വില (ടാക്സടക്കം) അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിലയിൽ പരിമിതപ്പെടുത്തിയായിരിക്കണം വാങ്ങലുകൾ. എന്നാൽ ഉത്തരവിലെ നിബന്ധനകൾ വ്യതിചലിച്ച് ചില ഇനങ്ങളുടെ വാങ്ങലുകൾ നടത്തി. കെൽട്രോണിൽ നിന്നും സാധനങ്ങൾ വാങ്ങിയ വിലയും ഉത്തരവിലെ വിലയും ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വാങ്ങിയ എണ്ണം | ഉത്തരവിലെ വില ( 1 എണ്ണം) | വാങ്ങിയ വില (1 എണ്ണം) | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | Laptop | 3 | 31000 | 33335 | 7005 |
| 2 | Projector | 3 | 23860 | 54400 | 91620 |
| 3 | Non magnetic white writing board | 3 | 7900 | 13980 | 18240 |
| 4 | USB Speaker | 3 | 770 | 1994 | 3672 |
| ആകെ | | | | | 120537 |

സർക്കാർ ഉത്തരവിലെ വിലയേക്കാൾ അധിക നിരക്കിൽ വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (14,15/10.12.19) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച തുക 120537/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത വാങ്ങൽ പ്രക്രിയയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-30 തുല്യതാ പരീക്ഷ -രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം - S0072/19

പ്രോജക്ടിന്റെ പേര് – തുല്യതാ പരീക്ഷ ഫീസ് ഇളവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

വികസന ഫണ്ട് - 100000/-

ചെലവ്

ബിൽ നം.5/18-19/30.1.19 തുക. 60000/-

ബിൽ നം.6/18-19/30.1.19 തുക. 29600/-

ബിൽ നം.7/18-19/30.1.19 തുക. 9750/-
ആകെ-99350/-

വളമംഗലം ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം, പത്താം തരം തുല്യതയ്ക്ക് 16 പഠിതാക്കൾക്കായി, 1850/- രൂപാ വീതം 29600/- രൂപ, ഹയർ സെക്കന്ററി തുല്യതയ്ക്ക് (പ്ളസ് വൺ) 24 പഠിതാക്കൾക്കായി 2500/- രൂപാ വീതം 60000/- രൂപ, (പ്ലസ് ടു) 5 പഠിതാക്കൾക്കായി 1850/-രൂപാ വീതം 9750/-രൂപ, ഉൾപ്പടെ ആകെ 99350/- രൂപ, രജിസ്ട്രേഷൻ ഫീസ്/കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പഠിതാക്കളുടെ അപേക്ഷ ,പരീക്ഷയിൽ പങ്കെടുത്തവരുടെ വിവരം , സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ, സാക്ഷരതാമിഷനിൽ നിന്നുള്ള തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/10.12.19) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പൂർണ്ണമായും ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 99350/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-31 പ്രൈമറി സ്കൂൾ കുട്ടികൾക്ക് കളിയുപകരണങ്ങളുടെ വാങ്ങൽ സുതാര്യമല്ല

പ്രോജക്ട് നം - S0076/19

പ്രോജക്ടിന്റെ പേര് - പ്രൈമറി സ്കൂൾ കുട്ടികൾക്ക് കളിയുപകരണങ്ങൾ നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

വികസന ഫണ്ട് - 150000/-

__ചെലവ്__

ബിൽ നം.8/18-19/14.2.19. തുക. 68022/-

ബിൽ നം.15/18-19/27.3.19. തുക. 81978/-
ആകെ-150000/-

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 3 സ്കൂളുകളിലെ കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങി, സ്ഥാപിക്കേണ്ടവ സ്ഥാപിച്ച് നൽകുന്നതിനായിരുന്നു പ്രോജക്ട് ലക്ഷ്യം. ടെണ്ടറിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്വാളിറ്റി ഏജൻസിസ് എന്ന സ്ഥാപനത്തിനുവേണ്ടി ശ്രീ.സി.ഡി.പ്രകാശൻ, വിവേകം, എസ്.എൻ.പുരം പി.ഒ, ചേർത്തല സമർപ്പിച്ച ടെണ്ടർ രേഖകളിൽ slider, merrigo round, slider, seasaw എന്ന് മാത്രം രേഖപ്പെടുത്തി, 81978/-രൂപ വില കാണിച്ചു. ഓരോന്നിനും ടാക്സടക്കമുള്ള വിലവിവരം രേഖപ്പെടുത്തിയിട്ടില്ല.
2. വിലവിവരങ്ങൾ വേർതിരിച്ച് കാണിക്കാത്ത പ്രസ്തുത ടെണ്ടർ പഞ്ചായത്ത് കമ്മറ്റിയുടെ 12.2.19 ലെ (1) നം. തീരുമാനപ്രകാരം അംഗീകരിച്ച് തീരുമാനിച്ചു.
3. നിയമപ്രകാരം കരാർ ചമച്ചിട്ടില്ല. 200/-രൂപയുടെ മുദ്രപ്പത്രത്തിൽ രേഖപ്പെടുത്തൽ ഒന്നും ഇല്ല.
4. Kwality Agencies ന്റെ 23/3/19 ലെ ക്യാഷ് ബില്ല് പ്രകാരം, വാങ്ങൽ താഴെചേർക്കും പ്രകാരമാണ്.

| Item | Amount |
|---|---|
| Merrigoround, Seasaw, Slider, Swing | 81978/- |

ഓരോ ഇനത്തിനും വില എത്രയാണെന്നോ, എത്ര എണ്ണം വാങ്ങിയെന്നോ, ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/10.12.19) വരും വർഷങ്ങളിൽ ശ്രദ്ധിച്ച് നിർവ്വഹണം ചെയ്യാമെന്ന് മറുപടി ലഭ്യമാക്കി. വാങ്ങലിൽ വ്യക്തതയില്ലാത്ത

സാഹചര്യത്തിൽ Merrigoround, Seasaw, Slider, Swing എന്നിവയുടെ ചെലവ് തുക 81978/- രൂപ. തടസ്സപ്പെടുത്തുന്നു.

വാങ്ങാൽ സംബന്ധമായ രേഖകളിൽ വ്യക്തത വരുത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-32 സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പ്രോജക്ടുകളിൽ കാണുന്ന അപാകതകൾ

സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 13 (പ്രോജക്ട് നം.S173/19)

പ്രോജക്ട് നടത്തിപ്പിനായി Certo Exim Pvt Ltd എന്ന കമ്പനിക്ക് 37 LED ലൈറ്റുകൾക്ക് @1185 രൂപയും അവ സ്ഥാപിക്കുന്നതിന് ഒരെണ്ണത്തിന് 200 രൂപയും ഉൾപ്പെടെ 51245/- രൂപ നൽകി (ബിൽ നം. 31/24-3-2019) എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലിൽ വാങ്ങിയ LED സ്ട്രീറ്റ് ലൈറ്റുകൾ ഏതു കമ്പനിയുടേതാണെന്ന Certo Exim Pvt Ltd ന്റെ ബില്ലിൽ കാണിച്ചിട്ടില്ല മാത്രമല്ല ടെന്ററിൽ രണ്ടുവർഷ വാറന്റി പറഞ്ഞിട്ടുണ്ടെങ്കിലും Certo Exim Pvt Ltd മായി വച്ചിട്ടുള്ള കരാറിൽ (നം.8/18-19 തീയതി 11-1-2019) വാറന്റി സംബന്ധിച്ച് പരാമർശം ഇല്ല.

2. സമ്പൂർണ്ണ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 4 (പ്രോജക്ട് നം. S 015/19)

4-ാം വാർഡിൽ 50 സ്ട്രീറ്റ് ലൈറ്റ് ഉണ്ട് അതിൽ 5 എണ്ണം LEDആണ്. ബാക്കി 45 എണ്ണം LEDആക്കുന്നതിനാണ് പ്രോജക്ട്. ഇതിനായി ബിൽ നം.19/28-11-2018 പ്രകാരം 53325/- രൂപ പിൻവലിച്ച് 45 എണ്ണം LED ലൈറ്റുകൾക്കായി കേരള കൺസ്ട്രക്ഷൻ സ്പെഷ്യാലിറ്റീസ് ഓച്ചിറക്കും, ബിൽ നം.28/16-3-2019 പ്രകാരം 10000/- രൂപ 50 LED ലൈറ്റുകൾ സ്ഥാപിച്ചതിന് ശ്രീ.K.R. ജോയിക്കും നൽകി. 11-6-18 ലെ 525/18-ാം നമ്പർ ദർഘാസ് പരസ്യത്തിൽ നിലവിലുള്ള ലൈറ്റുകൾ മാറ്റുന്നത് മറ്റ് വാർഡുകളിൽ ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ മറ്റ് വാർഡുകളിൽ ഉപയോഗിച്ചതായി കാണുന്നില്ല. മാത്രമല്ല 45 എണ്ണം LED ലൈറ്റുകൾ മാത്രമാണ് വാങ്ങിയതെങ്കിലും 50 LED ലൈറ്റുകൾ സ്ഥാപിച്ചതിന് പണം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഇവിടെ നിലവിൽ ഉണ്ടായിരുന്ന ലൈറ്റുകൾ ഉപയോഗശൂന്യമായിരുന്നതിനാലാണ് മറ്റ് വാർഡുകളിൽ ഉപയോഗിക്കാൻ പറ്റാതിരുന്നതെന്നും. LED 5 എണ്ണം നിലവിൽ ഉണ്ടായിരുന്നത് കേടായത് മാറ്റിസ്ഥാപിച്ചതിനാലാണ് 5 എണ്ണം അധികമായി സ്ഥാപിച്ചതിന് പണം നൽകിയതെന്നും പറയുന്നു. എന്നാൽ ഇതുസംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി തീരുമാനമൊന്നും എടുത്തതായി കാണുന്നില്ല. പ്രോജക്ട് നടത്തിപ്പിലുണ്ടാകുന്ന മാറ്റങ്ങൾ പഞ്ചായത്ത് കമ്മറ്റിയുടെ അറിവോടെ ആകേണ്ടതാണ്.

3. സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല

സ്ട്രീറ്റ് ലൈറ്റ്മായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല. ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ 2018/19 ൽ ആരംഭിച്ചിട്ടുള്ളതാണ്. അതിനുമുൻപ് ഉണ്ടായിരുന്ന വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. തൻവർഷം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വിനിയോഗവിവരങ്ങൾ കൃത്യമല്ല. മാത്രമല്ല സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഓരോ ഇലക്ട്രിക് ഉപകരണങ്ങളും പ്രത്യേകം പേജുകളിൽ ചേർക്കേണ്ടതും, വാർഷികമായി സെക്രട്ടറി ബാലൻസ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കൽ, നടപ്പാക്കൽ, തുടർനടപടികൾ എന്നിവ കാര്യക്ഷമമാകേണ്ടതാണ്.

# 1-33 രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. 'പച്ചക്കറിതൈകൾ വിതരണം' (പ്രോജക്ട്നം.S0070/19) പദ്ധതിയുമായി ബന്ധപ്പെട്ട് വികസനഫണ്ടിൽ നിന്നും 33750/- രൂപ ചെലവഴിച്ച് പട്ടണക്കാട് ബ്ളോക്ക് അഗ്രോ സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും പച്ചക്കറി തൈകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ തൈ ഒന്നിന് 2.5/-രൂപ നിരക്കിൽ 5000 പച്ചക്കറി തൈകൾ വാങ്ങിയതിന്റെ വിലയായ 12500/- രൂപയുടെ ബില്ലുകൾ (ബിൽ നം:3/27.11.2018, 12500/-) മാത്രമാണ് ഫയലിൽ ഉള്ളത്. ബിൽ നം:7/29.12.2018 പ്രകാരം ചെലവഴിച്ച 21250/- രൂപയുടെ ചെലവ് രേഖകൾ ഫയലിൽ ഇല്ല. 5000 പച്ചക്കറി തൈകൾ കൈപ്പറ്റിയതായാണ് സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 33 ഗ്രൂപ്പുകൾ തൈകൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ ഗ്രൂപ്പും എത്ര തൈകൾ വീതം കൈപ്പറ്റിയെന്ന് രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഓഫീസിന്റെ മെയിന്റനൻസ് പ്രവർത്തികൾ നടക്കുന്നതിനാൽ ഫയലുകൾ ഓഫീസിൽ നിന്നും മാറ്റിക്കൊണ്ടിരിക്കുകയാണെന്നും ബില്ലിന്റെ പകർപ്പ് പിന്നീട് ഹാജരാക്കുന്നതാണെന്നുമറിയിച്ചു. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 21250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. 'നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും'(പ്രോജക്ട് നം.S0060/19) പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ 10200/-രൂപ (ബിൽ നം: 17/02.3.2019, 10200/-) ശ്രീ കേശവപിള്ള എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ അപേക്ഷ, സ്ഥലവിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, ബാങ്ക് അക്കൌണ്ട് വിവരങ്ങൾ തുടങ്ങിയ രേഖകളൊന്നും ഫയലിൽ ഇല്ല. ഓഡിറ്റന്വേഷണത്തിന് നൽകിയ മറുപടിയിൽ രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്നറിയിച്ചു. രേഖകളുടെ അഭാവത്തിൽ 10200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-34 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ 2015/16 ൽ ആനുകൂല്യം ലഭിച്ചയാൾക്ക് വീണ്ടും ആനുകൂല്യം നൽകി

വി.ഇ.ഓ. തുറവൂർ നടപ്പാക്കിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. S026/19) 2018/19 SCP ഫണ്ട് 2175000 പിൻവലിച്ച് വിതരണം ചെയ്തു. ഇതിൽ ബിൽ നം. 7/23-10-2018 പ്രകാരം പിൻവലിച്ച 3,00,000/- രൂപ 4 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തതിൽ 75000/- രൂപ ശ്രീ. രാജപ്പൻ നികർത്തിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ 12-3-2019 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 4(1) നിശ്ചയപ്രകാരം ശ്രീ. രാജപ്പൻ നികർത്തിൽ എന്നയാൾക്ക് 2015/16 വർഷം ആനുകൂല്യം നൽകിയതായി ബോധ്യപ്പെട്ടതിനാൽ തിരികെ ഈടാക്കുന്നതിന് വി.ഇ.ഓ. യെ ചുമതലപ്പെടുത്തിയതായി കാണുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറിയോ വി.ഇ.ഓ.യോ മറുപടി നൽകിയില്ല.മാത്രമല്ല 2015/16 വർഷത്തെ രേഖകളും ഹാജരാക്കിയില്ല. എന്നാൽ 2018/19 വർഷത്തെ ഫയലിൽ ശ്രീ. രാജപ്പൻ നികർത്തിൽ എന്നയാളുടെ വീടിന് 30 വർഷത്തെ പഴക്കം ഉണ്ടെന്നാണ് സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. മാത്രമല്ല ശ്രീ. രാജപ്പൻ നികർത്തിൽ എന്നയാളുടെ വീടിന് 150000/- രൂപയുടെ നിർമ്മാണം നടത്തിയിട്ടുള്ളതായും പഞ്ചായത്ത് ഓവർസിയർ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കൂടുതൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതിനാൽ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-35 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

തുറവൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൌതിക സാഹചര്യം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് 6.12.19 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6)ന്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

കെട്ടിടം -തുറവൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 27 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 15 എണ്ണം സ്വന്തം കെട്ടിടത്തിലും 12 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 110, 126, 113, 122 എന്നീ 4 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും ഇതുവരെ കെട്ടിടം നിർമ്മിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

കുടിവെള്ളം- 26 അങ്കണവാടികൾക്ക് കുടിവെള്ള സൌകര്യം പൊതു ടാപ്പും,1 അങ്കണവാടിക്ക് മഴവെള്ള സംഭരണിയുമാണ്.

ടോയ് ലെറ്റ്- 4 അങ്കണവാടികൾക്ക് ബേബി ഫ്രണ്ട് ലി ടോയ്‌ലെറ്റ് സൌകര്യവും, 23 അങ്കണവാടികൾക്ക് സാധാരണ ടോയ്‌ലെറ്റ് സൌകര്യവും ആണുള്ളത്.

വൈദ്യുതി- 27 അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- 11 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. ബാക്കിയുള്ളവയ്ക്ക് ചുറ്റുമതിൽ ഇല്ല.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സംഭരണപ്പെട്ടിയുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2018-19 വർഷം ലഭ്യമാക്കിയിട്ടില്ല.

പ്രവേശനോത്സവം - എല്ലാ വർഷവും ജൂൺ ഒന്നിനും നവംബർ ഒന്നിനും (രണ്ട് തവണ) അങ്കണവാടികളിൽ പ്രവേശനോത്സവം നടത്താറുണ്ട്.

അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം മുതലായ അടിസ്ഥാന സൗകര്യവികസനത്തിനും, പുതുതായി പൊളിച്ച് പണിയേണ്ട അങ്കണവാടികൾ സംബന്ധിച്ചും ആവശ്യമായ അങ്കണവാടികളുടെ പട്ടിക പദ്ധതി രൂപീകരണ വേളയിൽ പ്ലാനിംഗ് സെക്ഷനിൽ നൽകിയതിനെതുടർന്ന് 112, 116, 117, 118, 121, 123, 128, 132, 134, 135 എന്നീ 10 അങ്കണവാടികൾക്ക് ചുറ്റുമതിൽ, അറ്റകുറ്റപ്പണിപ്പണി ഉൾപ്പെടെയുള്ള പ്രവൃത്തികൾ 2019-20 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമെങ്കിലും 12 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 വിതരണ രേഖകളിൽ കൃത്യതയില്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ വിത്തുകളും വളങ്ങളും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിൽ വ്യക്തത ഇല്ലാത്തതായി കാണുന്നു.

1. കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് വിതരണം (S0064/19) -പദ്ധതിയുമായി ബന്ധപ്പെട്ട് RAIDCO യിൽ നിന്നും കിഴങ്ങ് വിളകളുടെ വിത്ത് കിറ്റുകൾ 498 എണ്ണം, യൂണിറ്റൊന്നിന് 500/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്ററിൽ 467 കിറ്റുകൾ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
2. വാഴവിത്ത് ജൈവവള കുമ്മായ വിതരണം (S0065/19)-പദ്ധതി പ്രകാരം ഒരു യൂണിറ്റിൽ വാഴവിത്ത്-10എണ്ണം, കുമ്മായം-5 kg, ജൈവവളം-10 kg എന്നിവ ഉൾപ്പെടുന്ന 500 കിറ്റുകൾ RAIDCO യിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്ററിൽ 456 കിറ്റുകൾ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.19/9.12.19) മറുപടിയിൽ വിതരണം പൂർണ്ണമായി നടത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ തെറ്റ് വന്നിട്ടുള്ളതാണെന്നും അറിയിച്ചു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തി വിതരണം കൂടുതൽ സുതാര്യമാക്കേണ്ടതാണ്.

## 1-37 അംഗീകൃത യൂണിറ്റ് കോസ്റ്റിലും അധിക നിരക്കിൽ വാങ്ങി

പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 10.7.19 ലെ റ്റി.സി(3)4878/17നം കത്തിൽ 2018-19 സാമ്പത്തിക വർഷത്തെ കുമ്മായത്തിന്റെ ജില്ലാതല യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 9.5/- രൂപയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി 4500 kg കുമ്മായം കിലോഗ്രാമിന് 13/- രൂപ നിരക്കിൽ യൂണിറ്റ് കോസ്റ്റിലും അധിക നിരക്കിൽ വാങ്ങിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | അളവ് | നൽകിയ വില | യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകേണ്ടിയിരുന്ന വില | വ്യത്യാസം |
|---|---|---|---|---|
| വാഴവിത്ത് ജൈവവള കുമ്മായ വിതരണം (പ്രോജക്ട്നം.S0065/19) | 2500 Kg | 32500/- @13/-per Kg | 23750/-@Rs.9.5/-per Kg | 8750/- |
| തെങ്ങിന് ജൈവവള കുമ്മായ വിതരണം (പ്രോജക്ട്നം.S0066/19) | 2000 Kg | 26000/- @13/-per Kg | 19000/-@Rs.9.5/-per Kg | 7000/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് നൽകിയ മറുപടിയിൽ പ്രളയം മൂലം കുമ്മായത്തിന്റെ ഉപയോഗത്തിലുണ്ടായ വർദ്ധനയാണ് വില ഉയരാൻ കാരണമെന്നറിയിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കാവുന്നതല്ല. വിദഗ്ധ സമിതി ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ള ഉല്പന്നങ്ങൾക്ക് ഇതിലധികരിക്കാതെ വാങ്ങൽ നടത്തുന്നതിനുള്ള സാധ്യതകൾ പരിഗണിച്ച് പർച്ചേസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-38 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രീയമായി തുടരുന്നു

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. ടി അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് അക്കൗണ്ട് നം. | 31.3.19ലെ നീക്കിയിരുപ്പ് | പരാമർശം |
|---|---|---|---|
| 1 | കാനറ ബാങ്ക് (നോൺ ബാങ്കിംഗ് ട്രഷറി) 3011101009123 | 332338 | 2015-16മുതൽ പണമിടപാടുകളില്ല. പലിശ വരവ് മാത്രം. നോൺ ബാങ്കിംഗ് ട്രഷറി നിലവിലില്ലാത്തതിനാൽ ടി അക്കൗണ്ടിന്റെ ആവശ്യകതയില്ല. ടി അക്കൗണ്ടിലുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. |
| 2 | ബാങ്ക് ഓഫ് ഇന്ത്യ സാക്ഷരത -8521 | 10076 | 27.2.15 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 3 | കാനറ ബാങ്ക് (സാനിട്ടേഷൻ) 30111010110354 | 4518812 | 24.10.17 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 4 | ബാങ്ക് ഓഫ് ഇന്ത്യ | 29478 | 4.1.16 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |

| | | | |
|---|---|---|---|
| | സാനിട്ടേഷൻ -9004 | | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ.4/4.12.19) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നതിനാൽ അവ എത്രയും വേഗം ക്ലോസ്സ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-39 തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവ്) തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ പ്രഥമ പരിഗണന അർഹിക്കുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിന് മേൽ സംവിധാനം അത്യാവശ്യമാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-40 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ കരാറുകാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ (ജി.എസ്.ടി) ഒഴികെ ഏത ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഗുണഭോക്തൃകമ്മിറ്റി വഴി നടപ്പിലാക്കിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീയതി. 29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റി വഴി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും വാറ്റിനത്തിലുള്ള 5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലം കൺവീനർക്ക് അധിക തുക നൽകി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് വിശദവിവരം | ഒ.എച്ച് 7.5% ഉൾപ്പെടുത്തിയ പ്രവൃത്തി മൂല്യം | 5% വാറ്റ് കിഴിവ് വരുത്തിയതിനു ശേഷമുള്ള തുക | ആകെ ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം - 56/18<br>കൺവീനർ - ജിനീഷ്<br>എം. ബുക്ക് - 19/TVR/16-17, 48/PKD/17-18<br>പ്രവൃത്തി മൂല്യം - 146184/-<br>(ഫൈനൽ ബിൽ-OH-7.5% ഉൾപ്പെടെ)<br>ബിൽ നം. 22/26.3.19-146184/- | 146184/- | 138875<br>(146184- 7309) | 138875 | 7309 |
| 2 | കുന്നേൽ ചെറനാട് കോളനി ഡ്രെയിൻ ഫുട്പാത്ത് നിർമ്മാണം-202/17<br>കൺവീനർ - വിനോദ്.സി.ആർ<br>എം. ബുക്ക് - 58/TVR/16-17,<br>പ്രവൃത്തി മൂല്യം - 464928/-<br>(ഫൈനൽ ബിൽ-OH-7.5% ഉൾപ്പെടെ) | 464928 | 441682<br>(464928-23246) | 441682 | 4215<br>(445897-441682) |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം. 19/30.11.18-179326/-<br>ചെക്ക് നം. 21800838/28.12.18-266571/-<br>(ആകെ പിൻവലിച്ച തുക – 445897/-) | | | | |

ക്രമ നം. (1) പ്രകാരം അധികമായി പിൻവലിച്ച 7309/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ക്രമ.നം. (2) പ്രകാരമുള്ള പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 9515/- രൂപ റിട്ടെൻഷൻ ഇനത്തിൽ പിടിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . ടി തുകയിൽ നിന്നും അധികമായി പിൻവലിച്ച 4215/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അധികം പിൻവലിച്ച തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 എം.ജി.എൻ.ആർ.ഇ.ജി.എസ്- ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% (Specification : 1- 27-1-1) കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ നിയമാനുസൃത നിരക്കിൽ കുറവ് വരുത്താതെ മൂല്യം നിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്. കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബുക്ക് പ്രകാരം സ്റ്റാക്ക് ചെയ്ത ഗ്രാവലിന്റെ അളവ് $m^3$ | അനുവദിച്ച തുക @935/$m^3$ | 20% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $m^3$ | അനുവദനീയമായ തുക | അധികം നൽകിയ തുക | അനുബന്ധ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കൊല്ലാട്ട് നടപ്പാത നിർമ്മാണം (സുനിൽകുമാർ.പി.എസ്) | 462 | 388773 (415.8) | 369.6 | 345576 | 43197 | Rc/264999 FTO-635441/31.3.19 MB. 342/18-19 |
| 2 | എൻ.എച്ച്-എസ്.എൻ.ഡി.പി നടപ്പാത നിർമ്മാണം (സുനിൽകുമാർ.പി.എസ്) | 155.5 | 130853 (139.95) | 124.4 | 116314 | 14539 | Rc/271056 FTO-635394/31.3.19 MB. 341/18-19 |
| 3 | എൻ.എച്ച്-ചീരാൻവെളി നടപ്പാത കോൺക്രീറ്റിംഗ് (സുനിൽകുമാർ.പി.എസ്) | 51.49 | 43329 (46.341) | 41.192 | 38515 | 4814 | Rc/271078 FTO-635446/31.3.19 MB. 340/18-19 |
| 4 | ജനത നടപ്പാത നിർമ്മാണം (സുനിൽകുമാർ.പി.എസ്) | 142.02 | 119493 (127.80) | 113.616 | 106231 | 13262 | Rc/271916 FTO-635394/31.3.19 MB. 339/18-19 |
| 5 | ഇല്ലത്തുചിറ നടപ്പാത കോൺക്രീറ്റിംഗ് (സുനിൽകുമാർ.പി.എസ്) | 58.5 | 44880 (48) | 46.8 | 43758 | 1122 | Rc/271077 FTO-635394/31.3.19 MB. 338/18-19 |
| | **ആകെ** | | | | | **76934** | |

# 3-3 പെൺകുട്ടികൾക്ക് സ്വയം സുരക്ഷാ പരിശീലനം - അപാകതകൾ

പ്രോജക്ട് നം - S0045/19

പ്രോജക്ടിന്റെ പേര് - പെൺകുട്ടികൾക്ക് സ്വയം സുരക്ഷാ പരിശീലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വികസന ഫണ്ട് - 200000/-

<u>ചെലവ്</u>

ബിൽ നം.44/18-19/26.3.19. തുക. 200000/-

10 വയസ്സിനും 30 വയസ്സിനും ഇടയിലുള്ള വനിതകൾക്ക് 1 ദിവസം 2 മണിക്കൂർ വീതം 12 ദിവസം നീളുന്ന സ്വയംസുരക്ഷാപരിശീലനം. ഇതിനായി ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കുന്ന സ്ഥാപനം മുഖേന പരിശീലനം നൽകുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. ആയതിന് ശ്രീമതി.കീർത്തിരാജു, പള്ളിപ്പറമ്പിൽ, മാരാരിക്കുളം എന്നയാൾ സമർപ്പിച്ച ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്.(ഒരു മണിക്കൂർ മുതൽ

ഒന്നരമണിക്കൂർ വരെ സമയപരിധിയുള്ള ക്ലാസിന് ആളൊന്നിന് 15/- രൂപ എന്ന നിരക്കാണ് ടിയാൾ ക്വോട്ടു ചെയ്തത്). ആയത് 23.1.19 ലെ 1(2) നം. തീരുമാനപ്രകാരം അംഗീകരിച്ചു.

സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ പള്ളിത്തോട്, എസ്.സി.എസ്.എച്ച്.എസ്.എസ്. വളമംഗലം, എന്നീ രണ്ട് സ്കൂളുകളിലെ 500 കുട്ടികളെ 1 മുതൽ 26 വരെ തീയതികളിൽ തുടർച്ചയായി പരിശീലിപ്പിച്ചതായി ഹാജർ ലഭ്യമാക്കി.

ഇപ്രകാരം കുട്ടികളുടെ ആകെ 13000 ഹാജർ ദിനങ്ങൾ (26*500) കണക്കിലെടുത്ത് ദിനമൊന്നിന് 15/- രൂപ പ്രകാരം 195000 രൂപ പരിശീലകയ്ക്ക് പ്രതിഫലമായും പരിശീലത്തിന്റെ ബാനർ, നോട്ടീസ് ചെലവ് 1190/-രൂപ, ഫ്ലക്സ് ചെലവ് 750/-രൂപ, ചായ, സ്നാക്സ് ചെലവ് 3100/-രൂപ എന്നിങ്ങനെ ഒട്ടാകെ 5040 ൽ 5000/- രൂപയും ഉൾപ്പെടെ ആകെ 200000/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് ശ്രീമതി. കീർത്തി രാജുവിന്റെ അക്കൗണ്ടിലേക്ക് നൽകി. എന്നാൽ ലഭ്യമാക്കിയ ആകെ ഹാജർ നിലയിൽ 826 കുട്ടികൾ ആബ്സ്റ്റന്റായിരുന്നു. ഹാജരില്ലാത്ത ഈ 826 കുട്ടികളെ ഒഴിവാക്കാതെ മുഴുവൻ തുകയുമാണ് പരിശീലകയ്ക്ക് നൽകിയത്. തൻമൂലം ആകെ 12390/- രൂപ ടിയാരിയ്ക്ക് അധികം നൽകി(826x15). ഈ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് പരിശീലകയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിലെ മറ്റ് അപാകതകൾ ഖണ്ഡിക 1-23 ൽ പ്രതിപാദിച്ചിട്ടുണ്ട്.

# 3-4 അങ്കണവാടികൾ ചിത്രപ്പണി ചെയ്ത് ഭംഗിയാക്കൽ - അപാകതകൾ

പ്രോജക്റ്റ് നം - S0024/19

പ്രോജക്ടിന്റെ പേര് - അങ്കണവാടികൾ ചിത്രപ്പണിചെയ്ത് ഭംഗിയാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വികസന ഫണ്ട് - 150000/-

<u>ചെലവ്</u>

1) ബിൽ നം.54/18-19/25.3.19. തുക. 71016/-

2) ബിൽ നം.55/18-19/25.3.19. തുക. 71016/-

ക്വട്ടേഷൻ സമർപ്പിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി | 2000 സ്ക്വയർ ഫീറ്റിനു മുകളിൽ ക്വാട്ട് ചെയ്ത നിരക്ക് | 2000 സ്ക്വയർ ഫീറ്റിനു താഴെ ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| കമൽ കാഞ്ചിലൻ | 45 | 95 |
| വർഗ്ഗീസ്.പി.എസ് | 45 | 100 |
| സദാശിവൻ | 40 | 100 |
| ഷാജി അപ്പുക്കുട്ടൻ | 41 | 100 |

ആയതിൽ സദാശിവൻ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ചു.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. എൽ.എസ്.ജി.ഡി.സെക്ഷൻ തയ്യാറാക്കി നൽകിയ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് പ്രകാരം, രണ്ട് അങ്കണവാടികൾ (അങ്കണവാടി നം.120,135)ചിത്രപ്പണി ചെയ്യുന്നതിനുള്ള ആകെ ഏരിയ 1420.32 (710.16+710.16 )സ്ക്വയർ ഫീറ്റാണ്.
2. കമൽ കാഞ്ചിലൻ, 2000 സ്ക്വയർ ഫീറ്റിനു താഴെ ക്വാട്ട് ചെയ്ത നിരക്ക് 95 ആയിരിക്കെ, 100 ക്വാട്ട് ചെയ്ത സദാശിവന്റെ ക്വട്ടേഷൻ അംഗീകരിച്ചു.

3. കൂടുതൽ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ അംഗീകരിച്ചതുമൂലം അധികമായി അനുവദിച്ചു നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നം | ചിത്രപ്പണി ചെയ്യേണ്ട ഏരിയ(സ്ക്വയർ ഫീറ്റ്) | സ്ക്വയർ ഫീറ്റിനു 100/- രൂപ നിരക്കിൽ അനുവദിച്ച തുക | സ്ക്വയർ ഫീറ്റിനു 95/-രൂപ നിരക്കിൽ അനുവദിക്കാമായിരുന്ന തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| 135 | 710.16 | 71016 | 67465 | 3551 |
| 120 | 710.16 | 71016 | 67465 | 3551 |
| ആകെ അധികമായി അനുവദിച്ച തുക | | | | 7102 |

4. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി.സെക്ഷൻ തയ്യാറാക്കി നൽകിയ ഒരു എസ്റ്റിമേറ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്, (ആരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല). പ്രവൃത്തി പൂർത്തീകരണത്തെ തുടർന്ന് വാല്യൂവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടില്ല, അളവുകൾ അളവ് ബുക്കിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/10.12.19) പദ്ധതി നിർവ്വഹണത്തിലെ പരിചയക്കുറവ് മൂലമാണ് അപാകതകൾ സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി. ക്വട്ടേഷൻ അംഗീകരിച്ചതിലെ അപാകത മൂലം അധികമായി ചെലവഴിച്ച തുക 7102/- രൂപ ഈടാക്കേണ്ടതാണ്.

## 3-5 എം.ജി.എൻ.ആർ.ഇ.ജി.എസ് - നിരക്ക് നിർണ്ണയിച്ചതിലെ അപാകത മൂലം അധിക ചെലവ്

അളവ് ബുക്ക് - 258/18-19

പ്രവൃത്തി മൂല്യം - 216663/-

LD/319789

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലുൾപ്പെടുത്തി തൻവർഷം നടപ്പാക്കിയ ക്ഷീരവികസന വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽ കൃഷിയ്ക്കായി നിലം ഒരുക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇനം 7 ആയി ചെയ്യേണ്ട പ്രവൃത്തി " maintenance of fodder grass for 30 days…" എന്ന ഇനമാണ്. ടി ഇനത്തിന് അനുവദനീയമായ നിരക്ക് 3.39/sqm ആണ് (OD 1068/17-18).എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുണ്ടായ അപാകത മൂലം OD 1068 പ്രകാരമുള്ള നിരക്കിനു പകരം OD 1069 പ്രകാരമുള്ള നിരക്കാണ് (5.42/sqm – collecting & planting fodder grass..) ടി ഇനത്തിന് നൽകിയത്. നിരക്ക് നിർണ്ണയിച്ചതിലെ അപാകതമൂലമുണ്ടായ അധിക ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രവൃത്തി ചെയ്ത അളവ്, നൽകിയ തുക

3600 $m^2$ @ 5.42/ $m^2$ = 19512/- രൂപ

അനുവദനീയമായ നിരക്ക്, തുക

3600 $m^2$ @ 3.39/ $m^2$ = 12204/- രൂപ

അധികം നൽകിയത് = 7308/- രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-23/10.12.2019) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ അളവ് ബുക്കിൽ പ്രസ്തുത തുക രേഖപ്പെടുത്തിയിരുന്നുവെങ്കിലും മസ്റ്റർ റോൾ പ്രകാരം തുക പിൻവലിച്ചതിൽ 7 മനുഷ്യദിനങ്ങൾ മാത്രമാണ് അധികമായി വന്നിട്ടുള്ളതെന്നും അത് പ്രകാരം 1897/- രൂപ മാത്രമാണ് അധികമായി ചെലവ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1581434 | ലൈഫ് ഭവനം (ജനറൽ) | 1581434 | 0 |
| | | 20555 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(എസ്.സി) | 0 | 20555 |
| | | 10200 | നെൽകൃഷിക്ക് വിത്തും കൂലിയും | 10200 | 0 |
| | | 350000 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 318442 | 31558 |
| | | 400000 | പാലിന് സബ്സിഡി | 400000 | 0 |
| | | 1940211 | ലൈഫ് ഭവനം (എസ്.സി) | 1378000 | 562211 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1641186 | ലൈഫ് ഭവനം (ജനറൽ) | 1641186 | 0 |
| | | 1284405 | ലൈഫ് ഭവനം (എസ്.സി) | 0 | 1284405 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 299898 | 102 |
| | | 2900000 | അങ്കണവാടി നിർമ്മാണം | 0 | 2900000 |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |

**4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

**ഇല്ല**

**4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഇല്ല.

**4-4 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 12814132/- രൂപ വരവ് ഉണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് ലോൺ | GO(MS) 24/18 LSGD/11.9.2018 | 12814132 | 0 | 0 | 0 | 12814132 |

**4-5 സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 400000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 400000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

**4-6 ഓഡിറ്റ് റിക്കവറി**

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 17,000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രസീത് നം/തീയതി |
|---|---|---|---|---|

| | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2017-18 | 3-1(2) | 1750 | അസിസ്റ്റന്റ് എഞ്ചിനീയർ | 118030101835/7.11.18 |
| 2017-18 | 3-1(3) | 3000 | അസിസ്റ്റന്റ് എഞ്ചിനീയർ | 118030101838/7.11.18 |
| 2017-18 | 3-1(3) | 2250 | അസിസ്റ്റന്റ് എഞ്ചിനീയർ | 118030101839/7.11.18 |
| 2017-18 | 3-1(7) | 2250 | അസിസ്റ്റന്റ് എഞ്ചിനീയർ | 118030101846/22.11.18 |
| 2017-18 | | 5250 | അസിസ്റ്റന്റ് എഞ്ചിനീയർ | 118030101848/1.12.18 |
| 2017-18 | | 2500 | അസിസ്റ്റന്റ് എഞ്ചിനീയർ | 118030102051/1.12.18 |
| ആകെ | | 17000 | | |

**4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11<br>2011-12 | 3-1 | 2013-14 | 3-3 | വ്യാജ ബില്ലുകൾ ചമച്ച് തൈകളും വിത്തുകളും വാങ്ങിയത്. | നിലവിൽ മേൽ വിഷയം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴയിൽ കേസ് നിലനിൽക്കുന്നു. |

**4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 96479331 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77619742 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 105632 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 999373 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7309 | ആഭ.വി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 76934 | ഉമാദേവി.എ.എൻ,<br>അക്രഡിറ്റഡ് എഞ്ചിനിയർ |
| 3-3 | | 12390 | ധന്യ കെ എസ്,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-4 | | 7102 | ധന്യ കെ എസ്, |

| | | | |
|---|---|---|---|
| | | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5 | | 1897 | അശ്വനി എ.കെ,<br>അക്രഡിറ്റഡ് എഞ്ചിനീയർ |
| **ആകെ** | | 105632 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ക്രമ നം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 1-27 | 480000 | ശ്രീ.അനിൽ കുമാർ കെ എ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മനക്കോടം സർക്കിൾ) |
| 2 | 1-28 | 111058 | സതീദേവി രാമൻ നായർ, സെക്രട്ടറി |
| 3 | **1-29** | 120537 | മഹിളാമണി, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ് |
| 4 | 1-30 | 99350 | മഹിളാമണി, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ് |
| 5 | 1-31 | 81978 | മഹിളാമണി, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ് |
| 6 | 1-33 | 31450/- | സുമിത്ര .ബി.ഷേണായ്, കൃഷി ഓഫീസർ |
| 7 | 1-34 | 75000 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തുറവൂർ സർക്കിൾ) |
| | **ആകെ** | 999373/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | സതീദേവി രാമൻനായർ | സെക്രട്ടറി,<br>തുറവൂർ ഗ്രാമപഞ്ചായത്ത് | അരവിന്ദം,<br>കടക്കരപ്പള്ളി,<br>ചേർത്തല |
| 2 | ആഭ.വി.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>തുറവൂർ ഗ്രാമ പഞ്ചായത്ത് | ഒറ്റക്കണ്ടത്തിൽ,<br>ആര്യാട് നോർത്ത്,<br>ആലപ്പുഴ |
| 3 | മഹിളാമണി,<br>ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.എസ് | ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.എസ് | അശ്വതി,<br>വയലാർ പി.ഓ,<br>ചേർത്തല. |
| | | | |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 4 | ധന്യ.കെ .എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, തുറവൂർ ഗ്രാമ പഞ്ചായത്ത് | കായിപ്പുറത്ത് നികർത്ത് കോടംതുരുത്ത് കുത്തിയതോട് .പി.ഒ ചേർത്തല |
| 5 | സുമിത്ര.ബി.ഷേണായ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തുറവൂർ ഗ്രാമ പഞ്ചായത്ത് | കൊട്ടാരപ്പറമ്പ്, പഴയ തിരുമല പി.ഒ, ആലപ്പുഴ |
| 6 | സൈമൺ അലിൻ, വി ഇ ഒ | വി ഇ ഒ, തുറവൂർ | തയ്യിൽ ഹൗസ് അർത്തുങ്കൽ .പി.ഒ |
| 7 | അനിൽ കുമാർ കെ.എ | വി ഇ ഒ, തുറവൂർ | കളപ്പുരക്കൽ വെളി അരൂർ. പി.ഒ, ചേർത്തല |
| 8 | ഉമാദേവി എ.എൻ | അക്രഡിറ്റഡ് എഞ്ചിനീയർ, തുറവൂർ | കോന്നോത്ത് വെളി, പട്ടണക്കാട് പി.ഒ ചേർത്തല |
| 9 | അശ്വതി .എ | അക്രഡിറ്റഡ് ഓവർസിയർ, തുറവൂർ | പുതുവൽനികർത്ത്, വയലാർ.പി.ഒ, ചേർത്തല |

**4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11 തീയതി, 17-01-12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13 തീയതി, 05-05-14 |
| 2010-11& 2011-12 | എൽ.എഫ്.എ.പി2-123/121 തീയതി, 30-04-13 |
| 2012-13 | എൽ.എഫ്. എ പി 2-1038/14 തീയതി, 03-08-14/29-11-14 |
| 2013-14 & 2014-15 | കെ.എസ്.എ.എൽ.പി.പി 2-88/2016 തീയതി, 17-02-16 |
| 2015-16 | കെ.എസ്.എ.എൽ.പി.പി 2-22/2017 തീയതി, 05-04-17 |
| 2016-17 | കെ.എസ്.എ.എൽ.പി.പി 2-856/2017 തീയതി, 10.07.2017 |
| 2017-18 | കെ.എസ്.എ.എൽ.പി.പി 2-1253/2018 തീയതി, 30.8.18 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം-2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ